കേരള സർക്കാർ


**nCORONA VIRUS OUTBREAK CONTROL AND PREVENTION STATE CELL**

**HEALTH & FAMILY WELFARE DEPARTMENT**

**GOVT. OF KERALA**

**Landline:** 0471-2302160 **Mobile:** 9072315151

**Website:** www.dhs.kerala.gov.in **Email:** *controlroomdhskerala@gmail.com*


# ഗവേഷണ തെളിവുകളുടെ അടിസ്ഥാനത്തിൽ നിരീക്ഷണം ശക്തിപ്പെടുത്തുന്നു

തീയതി: 05/02/2020

ലോക രാജ്യങ്ങളിൽ നോവൽ കൊറോണ വൈറസ് രോഗം പടർന്നു പിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2528 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 2435 പേർ വീടുകളിലും, 93 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 223 സാമ്പിളുകൾ എൻ. ഐ. വി യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 193 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്. നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്ക് വകയില്ല. സംസ്ഥാന ആരോഗ്യവകുപ്പ് ആസ്ഥാനത്തിലും, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൊറോണ കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും കൊറോണ വൈറസ് രോഗബാധ സംശയിക്കുന്നവരുടെ തുടർചികിൽസയ്ക്കായി സജ്ജമാക്കിയിട്ടുള്ള ആശുപത്രികളുടെ വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആലപ്പുഴ എൻ. ഐ. വി യൂണിറ്റിൽ സാമ്പിളുകൾ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൊറോണ വൈറസ് രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ രോഗലക്ഷണങ്ങൾ പ്രകടമല്ലെങ്കിലും ഇന്ത്യയിലെത്തി 28 ദിവസങ്ങൾ കഴിയുന്നതുവരെ വീടുകളിൽത്തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

പൊതു ജനങ്ങൾക്ക് സംശയ നിവാരണത്തിനായി സംസ്ഥാന തലത്തിലും ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ സജ്ജമാണ്.

വീടുകളിലും ആശുപത്രികളിലും കഴിയുന്ന എല്ലാ വ്യക്തികൾക്കും ഒരു പ്രചോദന സന്ദേശം എസ്.എം.എസ് ആയി അയച്ചു.

## അനുബന്ധ പ്രവർത്തനങ്ങൾ

- വുഹാനിൽ നിന്ന് തിരിച്ചെത്തി നിരീക്ഷണത്തിൽ തുടരുന്ന ആളുകളുടെ ഐസോലേഷൻ സംബന്ധിച്ച കൃത്യത പരിശോധിച്ചതിൽ 30 ശതമാനം വ്യക്തികൾ മികച്ച രീതിയിലും 54 ശതമാനം തൃപ്തികരമായും ഐസോലേഷൻ തുടരുന്നതായി കണ്ടെത്തി. ഐസോലേഷൻ രീതികൾ തൃപ്തികരമല്ല എന്ന് കണ്ടെത്തിയ 16 ശതമാനം വ്യക്തികൾക്ക് കൃത്യമായ ഐസോലേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.
- സംസ്ഥാന കൺട്രോൾ റൂമും ജില്ല കൺട്രോൾ റൂമുകളും തമ്മിൽ പ്രാധാന്യമേറിയ വിവരങ്ങൾ കൈമാറുന്നതിനും വിശകലനം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തി
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പ വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പ വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- സാമ്പിൾ മാനേജ്മെന്റ് ടീം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് വഴി 200 വൈറൽ ട്രാൻസ്പോർട്ട് മീഡിയം (VTM) എല്ലാ ജില്ലകളിലേക്കും ഇന്ന് എത്തിച്ചു നൽകി
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും പരിശീലനങ്ങൾ നൽകുവാൻ വേണ്ടി ട്രെയിനിംഗ് ടീമുകളെ വിന്യസിച്ചു.
- എട്ട് ജില്ലകളിലെ ആശാ പ്രവർത്തകരുടെ പരിശീലനം പൂർത്തിയാക്കി
- 1293 ജനപ്രതിനിധികൾക്കും 2544 കുടുംബശ്രീ പ്രവർത്തകർക്കും 206 മറ്റ് സന്നദ്ധ പ്രവർത്തകർക്കും മറ്റ് വകുപ്പുകളിലെ 243 ജീവനക്കാർക്കും പരിശീലനം നൽകി.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൌകര്യങ്ങളും ഉറപ്പ വരുത്തിയിട്ടുണ്ട്.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 191 അംഗങ്ങളെ

വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 1696 ടെലിഫോണിക്ക് കൌൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.

| ജില്ല | രോഗബാധിത പ്രദേശങ്ങളിൽ നിന്നും കേരളത്തിൽ എത്തിയവരുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് ആശുപത്രികളിൽ അഡ്മിറ്റ് ആയവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 195 | 190 | 5 | 1 |
| കൊല്ലം | 224 | 221 | 3 | 1 |
| പത്തനംതിട്ട | 81 | 81 | 0 | 0 |
| ഇടുക്കി | 36 | 36 | 0 | 0 |
| കോട്ടയം | 92 | 89 | 3 | 0 |
| ആലപ്പുഴ | 179 | 171 | 8 | 1 |
| എറണാകുളം | 333 | 330 | 3 | 2 |
| തൃശ്ശൂർ | 241 | 211 | 30 | 2 |
| പാലക്കാട് | 142 | 138 | 4 | 1 |
| മലപ്പുറം | 383 | 357 | 26 | 6 |
| കോഴിക്കോട് | 306 | 301 | 5 | 1 |
| വയനാട് | 49 | 49 | 0 | 0 |
| കണ്ണൂർ | 173 | 171 | 2 | 0 |
| കാസർഗോഡ് | 94 | 90 | 4 | 1 |
| ആകെ | 2528 | 2435 | 93 | 16 |